"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - മലപ്പുറം ആനക്കയം സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളിയായ ശ്രീമതി.ജലജ.വി.കെ-യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ശൂന്യവേതനവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ് ) വകുപ്പ്**

സ.ഉ.(സാധാ) നം.979/2024/AGRI തീയതി,തിരുവനന്തപുരം, 16-10-2024

പരാമർശം:- 1. ശ്രീമതി.ജലജ.വി.കെ.-യുടെ 10/06/2024 ലെ അവധി അപേക്ഷ.

2. 11/09/2024ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/9754/2024-LW1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ആനക്കയം സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളിയായ ശ്രീമതി.ജലജ.വി.കെ പരാമർശം (1) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 10/06/2024 മുതൽ 01/09/2024 വരെയുള്ള 84 ദിവസം ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി.നിലവിൽ വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികൾക്ക് ശൂന്യവേതനാവധി അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം തുടർനടപടികൾക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ആനക്കയം സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളിയായ ശ്രീമതി.ജലജ.വി.കെ-യുടേത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 10/06/2024 മുതൽ 01/09/2024 വരെ 84 ദിവസം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി.ജലജ വി കെ യ്ക്ക് (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം മുഖാന്തിരം).
സ്റ്റോക്ക് ഫയൽ/ഓഫിസ് പകർപ്പ്(എഎഫ്1/205/2024-അഗ്രി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ